(ബി) ഉപഭോക്താക്കളുടെ എല്ലാ പരാതികളും ഓംബുഡ്സ്മാൻ നേരിട്ട് സമർപ്പിക്കാൻ കഴിയുമോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഓംബ്ഡ്സ്മാന് മുന്നിൽ ഇപ്പോൾ എത്ര പരാതികൾ നിലവിലുണ്ട് ;

(ഡി) ഓംബുഡ്സ്മാന്റെ പ്രവർത്തനം സംബന്ധിച്ച് വൈദ്യുതി ഓഫീസുകളിലൂടെയും മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക, അവരുടെ പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണാനായി ഒരു പ്രത്യേക സംവിധാനം ഒരുക്കുക എന്നിവയാണ് കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം (സി.ജി.ആർ.എഫ്.), വൈദ്യുതി ഓംബുഡ്സ്മാൻ എന്നിവ രൂപീകരിച്ചതിന്റെ ഉദ്ദേശം.

(ബി) കഴിയില്ല. സി.ജി.ആർ.എഫ്. പരിഗണിച്ച് തീർപ്പ് കൽപ്പിച്ച പരാതികളിന്മേലുള്ള അപ്പീൽ പരാതികൾ മാത്രമേ ഓംബുഡ്സ്മാൻ പരിഗണിക്കുകയുള്ളൂ.

(സി) 2008 ആഗസ്റ്റ് മാസം എറണാകുളത്ത് ഇടപ്പള്ളിയിൽ പ്രവർത്തനമാരംഭിച്ച ശേഷം 144 അപ്പീൽ പരാതികൾ ലഭിച്ചതിൽ 119 എണ്ണം തീർപ്പാക്കി. 25 എണ്ണം പരിഗണനയിലാണ്.

(ഡി) ഉപഭോക്തൃ പരാതി പരിഹാര ഫോറത്തിന്റെയും ഓംബുഡ്സ്മാന്റേയും വിവരങ്ങൾ കെ.എസ്.ഇ. ബോർഡിന്റെ വെബ്സൈറ്റായ www.kseb.in-ൽ ലഭ്യമാണ്. കൂടാതെ അവയെ ബന്ധപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ബോർഡ് ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണത്തിനായി ലഘുരേഖകൾ പ്രസിദ്ധീകരിക്കുക, മേഖലാതലത്തിൽ ക്ലാസ്സുകൾ നടത്തുക തുടങ്ങിയ പരിപാടികളും ലക്ഷ്യമിടുന്നുണ്ട്.

മണ്ണുപരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനം

24 (*444) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണുപരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര മണ്ണുപരിശോധനാ ലബോറട്ടറികൾ പ്രവർത്തിക്കുന്നു ; എത്ര സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുടനീളം മണ്ണിന്റെ സാമ്പിളുകൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൻ വളപ്രയോഗത്തിൽ വരുത്തേണ്ട മാറ്റങ്ങൾ കൃഷിക്കാരെ ബോധ്യപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. മണ്ണുപരിശോധനാ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ ജില്ലാ മണ്ണുപരിശോധനാ ലബോറട്ടറി ഉണ്ട്. ഇതിനു പുറമേ 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലബോറട്ടറിയും ഉണ്ട്. ഇവ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ്. ഇതിനു പുറമേ 2009-10-ൽ 5 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലബോറട്ടറികൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയധിഷ്ഠിതമായി ഫണ്ട് അനുവദിച്ചിരുന്നു. അതിന്റെ ഫാബ്രിക്കേഷൻ പണികൾ നടന്നുവരുന്നു. ലബോറട്ടറികളിൽ നിലവിലുള്ള ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും കേടുവന്നവ മാറ്റിവാങ്ങുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും മതിയായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തെ എല്ലാ മണ്ണു പരിശോധനാ ലബോറട്ടറികളുടേയും പ്രവർത്തനക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികളും 2009-10 വർഷത്തിൽ നടത്തിയിട്ടുണ്ട്. 2010-11 വർഷത്തിലും നടത്തുന്നുണ്ട്.

(ബി) കൃഷിവകുപ്പിന്റെ കീഴിൽ 23 മണ്ണുപരിശോധനാ ലാബുകൾ ഉണ്ട്. 14 ജില്ലാ മണ്ണുപരിശോധനാ ലാബുകളും 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളുമാണുള്ളത്.

(സി) സംവിധാനം നിലവിലുണ്ട്.

ഓരോ ലാബിലേയും ഉദ്യോഗസ്ഥരുടെ എണ്ണത്തിന് ആനുപാതികമായി അവർക്ക് സാമ്പിളുകളുടെ എണ്ണം നിജപ്പെടുത്തി നൽകിയിട്ടുണ്ട്. കൃഷി ഭവൻ പരിധിയിൽ വിളയും പദ്ധതിയും അധിഷ്ഠിതമായി കാമ്പയിനുകളായി മണ്ണുസാമ്പിൾ ശേഖരിക്കുന്നു. ഈ സാമ്പിളുകൾ ലാബിൽ പരിശോധിച്ച് അവയുടെ ഫലം കർഷകർക്ക് നേരിട്ട് തപാലിൽ അയച്ചുകൊടുക്കുന്നു. എല്ലാ ലബോറട്ടറികളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. അതിനാൽ റിസൽട്ട് ഇന്റർനെറ്റിലും ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കൃഷി ഭവന്റെ പരിധിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് കാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇവ കൃഷിസ്ഥലം കേന്ദ്രീകരിച്ചാണ് നടത്തുക. ഇപ്രകാരം സംസ്ഥാനത്തുടനീളം മണ്ണിന്റെ സാമ്പിളുകൾ പരിശോധിക്കപ്പെടുന്നു.

ഇതിനുപുറമേ സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കോൾ മേഖലയിലും കുട്ടനാട് മേഖലയിലും കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സന്നദ്ധ സംഘടനയും ചേർന്ന് രണ്ടു വർഷംകൊണ്ട് മുഴുവൻ പ്രദേശത്തെയും സാമ്പിളുകൾ പരിശോധിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഡി) സംവിധാനം ഇപ്പോൾതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ണുപരിശോധനയുടെ റിസൾട്ടിന്റെ അടിസ്ഥാനത്തിൽ കർഷകൻ ഉപയോഗിക്കേണ്ട മൂലകങ്ങളുടെ അളവും വളത്തിന്റെ അളവും ചേർത്തിരിക്കും. ഇതിനുപുറമേ ഓരോ കാമ്പയിനിലും ഉദ്യോഗസ്ഥർ ക്ലാസെടുക്കുകയും ചെയ്യുന്നുണ്ട്. മണ്ണുപരിശോധനാ റിസൾട്ടിന്റെ കാര്യത്തിലെ ഏതു സംശയവും ദൂരീകരിക്കുന്നതിന് തൊട്ടടുത്ത കൃഷി ഭവനുമായി ബന്ധപ്പെടാവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം കർഷകർക്ക് ബോധവൽക്കരണ ക്ലാസ്, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ എന്നീ പദ്ധതികൾ ഉണ്ട്.

എനർജി മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ

25 (*445) ശ്രീ. എം. മുരളി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ദുരുപയോഗം തടയാനും എനർജി മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ സ്ഥാപനങ്ങളെ എനർജി എഫിഷ്യന്റ് ബിൽഡിംഗുകളായി മാറ്റുന്നതിന് ഈ സെന്ററിന്റെ നേതൃത്വത്തിൽ എന്തൊക്കെ സേവനങ്ങളാണ് നൽകുന്നത് ;

(സി) സംസ്ഥാന സെക്രട്ടറിയേറ്റിനെ മാതൃക എഫിഷ്യന്റാക്കി മാറ്റുന്നതിന് ഇനിയും എന്തൊക്കെ സജ്ജീകരണങ്ങളാണ് നടപ്പിലാക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷം ഇത്തരത്തിൽ മറ്റേതൊക്കെ സർക്കാർ സ്ഥാപനങ്ങളെ മാതൃക എഫിഷ്യന്റ് ബിൽഡിംഗുകളായി മാറ്റാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?